കുറ്റ്യാടി ആഗ്മന്റേഷൻ പദ്ധതി

23 (*455) ശ്രീ. പി. ജയരാജൻ :
ശ്രീ. ടി. പി. രാമകൃഷ്ണൻ :
ശ്രീ. മത്തായി ചാക്കോ :
ശ്രീ. വി. കെ. സി. മമ്മത്കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുറ്റ്യാടി ആഗ്മെന്റേഷൻ പദ്ധതിയുടെ ഇപ്പോഴത്തെ സ്ഥിതി വിശദമാക്കാമോ ;

(ബി) പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ എന്നാണ് ആരംഭിച്ചത് ;

(സി) ആരംഭഘട്ടത്തിലെ പദ്ധതി അടങ്കൽ തുക ഇനം തിരിച്ച് വ്യക്തമാക്കുമോ ;

(ഡി) ഇതിനകം എത്ര തുക പദ്ധതിക്കായി ചെലവാക്കിയിട്ടുണ്ടെന്ന് ഇനം തിരിച്ച് വ്യക്തമാക്കാമോ ;

(ഇ) പദ്ധതിയുടെ അടങ്കൽ തുക പിന്നീട് പുതുക്കിയിട്ടുണ്ടോ ; വിശദാംശം വ്യക്തമാക്കാമോ ;

(എഫ്) പദ്ധതിയുടെ ശേഷിക്കുന്ന പണി സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് കരാറിനോ കോടതി വിധികൾക്കോ വിമുക്തമായ എന്തെങ്കിലും ആനുകൂല്യം കോൺട്രാക്ടർക്ക് നൽകിയിട്ടുണ്ടോ ; എങ്കിൽ അത് സംബന്ധിച്ച് വിശദവിവരം നൽകുമോ ;

(ജി) 100 മെഗാവാട്ടിന്റെ കുറ്റ്യാടി എക്സ്റ്റൻഷൻ പദ്ധതിയുടെ ടെൻഡർ വിളിച്ചത് എന്നാണ് ; കുറഞ്ഞ ടെൻഡർ ഏത് കമ്പനിയുടെതായിരുന്നു ; ടെൻഡർ ഉറപ്പിക്കുന്നതിന് കാലതാമസം വരുന്നത് എന്തുകൊണ്ടാണ് എന്ന് വെളിപ്പെടുത്തുമോ ?

വിദ്യുച്ഛക്തി വകുപ്പുമന്ത്രി (ശ്രീ. കടവൂർ ശിവദാസൻ) :

(എ) കുറ്റ്യാടി ആഗ്മെന്റേഷൻ പദ്ധതിയുടെ പ്രധാന വർക്കായ പടിഞ്ഞാറെ തറയിലുള്ള മെയിൻ ഡാമിന്റെ 95% പണികളും സ്പിൽവേയുടെ 15% പണികളും, മറ്റ് അനുബന്ധ പണികളും പൂർത്തീകരിച്ചു.

(ബി) 1982 ജനുവരിയിൽ ആരംഭിച്ചു.

(സി) ആരംഭത്തിലെ അടങ്കൽ തുക ഇനം തിരിച്ച് ചുവടെ ചേർക്കുന്നു :-

ലാന്റ് അക്വിസിഷൻ	488.72 ലക്ഷം
ഡാം ആന്റ് സ്പിൽവേ	776.00 ലക്ഷം
സാഡിൽ ഡാമുകൾ	407.83 ലക്ഷം
ഡൈവേർഷൻ ടണൽ	140 ലക്ഷം
കൺട്രോൾ ഷാഫ്റ്റ്	16.63 ലക്ഷം
റോഡ്, ബിൽഡിംഗ്സ്, അവഹിക്കിൾ മുതലായവ	1570.82 ലക്ഷം
ആകെ	3400 ലക്ഷം

LIBRARY ARCHIVES Kerala Legislative Assembly

(ഡി)	ലാന്റ് അക്വിസിഷൻ	3264.993 ലക്ഷം
	ഡാം ആന്റ് സ്പിൽവേ	4298.770 ലക്ഷം
	സാഡിൽ ഡാമുകൾ	375.09 ലക്ഷം
	ഡൈവേർഷൻ ടണൽ	525.00 ലക്ഷം
	കൺട്രോൾ ഷാഫ്റ്റ്	02.30 ലക്ഷം
	റോഡ്, ബിൽഡിംഗ്സ്, വെഹിക്കിൾസ് മുതലായവ	1400.40 ലക്ഷം
	ഹെഡ് ഓഫീസിൽ നിന്നും ഈ പദ്ധതിക്കുവേണ്ടി പലിശ, ഭക്ഷണപരമായ ചെലവുകൾ, ടെണ്ടർ മുതലായവയ്ക്ക് ചെലവാക്കപ്പെട്ട തുക	6261.36 ലക്ഷം
	ആകെ	16267.94 ലക്ഷം

(ഇ) പുതുക്കിയിട്ടുണ്ട്. 6-12-1988-ലെ ബോർഡ് ഉത്തരവ് പ്രകാരം പദ്ധതിയുടെ പുതുക്കിയ പ്രോജക്ട് കോസ്റ്റ് 88.28 കോടി രൂപയാണ്.

(എഫ്) ഇല്ല.

(ജി) 100 മെഗാവാട്ടിന്റെ കുറ്റ്യാടി കമ്മീഷൻ എക്സ്റ്റൻഷൻ പദ്ധതിയുടെ പ്രീകാളിഫിക്കേഷനു വേണ്ടിയുള്ള ആഗോള ടെണ്ടർ (ടേൺ കീ അടിസ്ഥാനത്തിൽ ഫിനാൻഷ്യൽ പാക്കേജ് ഉൾപ്പെടെ) 7-8-1998-ലാണ് ക്ഷണിച്ചത്. പ്രീ കാളിഫൈ ചെയ്ത കരാറുകാരിൽ നിന്ന് പ്രൈസ് ബിഡ് സ്വീകരിക്കുന്നതിനുള്ള ടെണ്ടർ നോട്ടീസ് 4-12-1998-ലാണ് നൽകിയത്. പ്രൈസ് ബീഡുകൾ 22-1-2000 മുതൽ ഇഷ്യൂ ചെയ്തു. ബി.എച്ച്.ഇ. എൽ.എൽ.ആന്റ്.ടി. കൺസോർഷ്യം ആണ് ചില നിബന്ധനകളോടെ ഫൈനാൻഷ്യൽ പാക്കേജ് ഇല്ലാതെ കുറഞ്ഞ ടെണ്ടർ സമർപ്പിച്ചിരുന്നത്. പ്രൈസ് ബിഡുകളുടെ ടെക്നോ-ഇക്കണോമിക് ഇവാലുവേഷൻ (ഫിനാൻഷ്യൽ പാക്കേജ് ഉൾപ്പെടെ) പൂർത്തിയായിട്ടുണ്ട്. ടെണ്ടർ സംബന്ധിച്ച് അന്തിമ തീരുമാനം എടുക്കുന്നതിനുള്ള നടപടികൾ പൂർത്തിയായി വരുന്നു.

കുറ്റ്യാടി ജലവൈദ്യുത ആഗ്മെന്റേഷൻ പദ്ധതി

24 (*456) ശ്രീ. എൻ. ഡി. അപ്പച്ചൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുറ്റ്യാടി ജലവൈദ്യുത ആഗ്മെന്റേഷൻ പദ്ധതിയുടെ പണിയാരംഭിച്ച തെന്നാണ് എന്ന് വ്യക്തമാക്കാമോ ; ഇതിന്റെ പണി എന്ന് പൂർത്തിയാക്കി കമ്മീഷൻ ചെയ്യാൻ കഴിയുമെന്ന് അറിയിക്കുമോ ;

(ബി) ഇതിന്റെ ടെയിൽറേസ് വാട്ടേഴ്സ് ജലസേചനത്തിനുപയോഗിക്കുന്നതിനെപ്പറ്റി പരിഗണിച്ചിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ അതിനുള്ള സ്കീം തയ്യാറാക്കിയിട്ടുണ്ടോ ; വിശദമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly